ടെലഫോൺ : 0471 -2721278

എൻ.സി.സി ഡയറക്ടറേറ്റ്
കേരളവും ലക്ഷദ്വീപും
സംസ്ഥാന വിഭാഗം
തിരുവനന്തപുരം -10

നമ്പർ :276/എ2-III/എസ്റ്റാ/2018/എൻ.സി.സി

21 മെയ് 2018

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

ഗ്രൂപ്പ് കമാൻഡർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം
എറണാകുളം, കോഴിക്കോട്

സർ,

വിഷയം : എൻ.സി.സി എസ്റ്റാ - പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥർക്കുള്ള ഡിപ്പാർട്ട്മെന്റൽ ട്രെയിനിംഗ് - നാമനിർദ്ദേശം സംബന്ധിച്ച്.

സൂചന : ഐ.എം.ജി തിരുവനന്തപുരം കത്ത് നമ്പർ 419/പി/2/2018/ഐ.എം.ജി തീയതി 10.05.2018.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജിയുടെ തിരുവനന്തപുരം,കൊച്ചി,കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് 2018 ജൂൺ 4 മുതൽ 30 വരെ നടത്തുന്നതാണ്. അടുത്ത ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനു വേണ്ടി പി.എസ്.സിയിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ്സ് 2,3 വിഭാഗത്തിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ മാത്രമേ പരിഗണിക്കുകയുള്ളു. മുൻപ് ഈ പരിശീലനം ലഭിച്ചവർ അർഹരല്ല. മറ്റു വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഐ.എം.ജിയുടെ കത്തിൽ വിശദമാക്കിയിട്ടുണ്ട്.

ആയതിനാൽ മുകളിൽ സൂചിപ്പിച്ച പരിശീലനത്തിനുള്ള താങ്കളുടെ കീഴിലുള്ള ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലും യൂണിറ്റിലുമുള്ള അർഹരായ ഉദ്യോഗാൽത്ഥികളുടെ വിവരങ്ങൾ nccjsest@gmail.com എന്ന ഈ മെയിൽ അഡ്രസിൽ ഈ കാര്യാലയത്തിലേക്ക് മെയ് 25 നു മുൻപായി അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്ക് വേണ്ടി

Website

www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471-2304229/608
ഫാകസ്: 0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

( കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം - 695 033

നംപർ.419പി2/2018/ഐ.എം.ജി. 10.5.2018

**ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (കെ ആൻറ എൽ)**
**എൻ സി സി ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

സർ,

വിഷയം: ഐ.എം.ജി.- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം- നാമ നിർദ്ദേശം സംബന്ധിച്ച് -

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് **2018 ജൂൺ 4 മുതൽ 30** വരെ നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലുള്ളവർ തിരുവനന്തപുരം ഐ.എം.ജി.യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ എന്നീ ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി.യിലും, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി.യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. പരിശീലന കേന്ദ്രം മാറ്റി നൽകുന്നതല്ല. അടുത്ത ഡിപ്പാർട്ടുമെൻറ് ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2, ക്ലാസ് 3 വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെന്റൽ പരീക്ഷയിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. *മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.* അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ടുമെൻറൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

.....2

നാമനിർദ്ദേശം താഴെ പറയുന്ന മേൽവിലാസങ്ങളിൽ അയക്കേണ്ടതാണ്.

| | |
|---|---|
| ഐ.എം.ജി. തിരുവനന്തപുരം | ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്<br>ഐ.എം.ജി. വികാസ് ഭവൻ പി.ഒ<br>തിരുവനന്തപുരം - 695 033 |
| ഐ.എം.ജി. കൊച്ചി | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം കാക്കനാട്,<br>കൊച്ചി - 682 030 |
| ഐ.എം.ജി. കോഴിക്കോട് | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട്- 673 008 |

പരിശീലനത്തിന് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേൽ വിലാസവും, ഫോൺ നംപരും നാമനിർദ്ദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ശ്രീ.കെ.കെ.രാജഗോപാലൻ നായർ, അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ (ഫോൺ 9447697803), സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്ന നംപരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

**പ്രത്യേകം ശ്രദ്ധിക്കാൻ**

1. നാമനിർദ്ദേശം 22 **മെയ് 2018** ന് മുൻപ് ഐ.എം.ജി.യുടെ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. **പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പു ലഭിച്ചതിനുശേഷം മാത്രമെ വിടുതൽ ചെയ്യേണ്ടതുള്ളു.**

വിശ്വസ്തതയോടെ,
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ